ആയുർവ്വേദ കോളേജിലെ സൗജന്യ ചികിത്സ

4 (*634) ശ്രീ. പി. റ്റി. എ. റഹീം:
ശ്രീ. എം. എ. ബേബി:
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആയുർവ്വേദ കോളേജുകളിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യ ചികിത്സ അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) എന്ന് മുതലാണ് എ.പി.എൽ. വിഭാഗത്തിന് ചികിത്സാ ഫീസ് ഈടാക്കി തുടങ്ങിയതെന്ന് അറിയിക്കാമോ;

(സി) പ്രതിമാസ വരുമാനം 500 രൂപയിൽ താഴെയുള്ളവർക്ക് മാത്രം സൗജന്യ ചികിത്സ നൽകിയാൽ മതിയെന്ന പുതിയ ഉത്തരവ് പാവപ്പെട്ട രോഗികളെ ബുദ്ധിമുട്ടിക്കുമെന്നതിനാൽ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി വനംവകുപ്പും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) സർക്കാർ ആയുർവ്വേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന 500 രൂപയിൽ താഴെ മാസവരുമാനമുള്ള മുഴുവൻ രോഗികൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ അനുവദിച്ചിട്ടുണ്ട്.

(ബി) 19-12-2011 മുതൽ എ.പി.എൽ വിഭാഗത്തിന് ചികിത്സാ ഫീസ് ഈടാക്കിത്തുടങ്ങി.

(സി) എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 500 രൂപവരെ മാസ വരുമാനമുള്ള രോഗികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുമ്പോൾ കൂടുതൽ രോഗികൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്നതിനാൽ ഉത്തരവ് പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല.

ശ്രീ. പി. റ്റി. എ. റഹീം: സർ, 500 രൂപ മാസ വരുമാനം വച്ച് 12 മാസത്തേക്ക് 6,000 രൂപ എന്ന രീതിയിലാണ് ഇപ്പോൾ വാർഷിക വരുമാനം കണക്കാക്കുന്നത്. എല്ലാ മെഡിക്കൽ കോളേജുകളിലും 22,000 രൂപയ്ക്ക് താഴെ വരുമാനമുള്ള ആളുകൾക്ക് സർട്ടിഫിക്കറ്റ് കൊടുക്കുകയാണെങ്കിൽ ബി.പി.എൽ. ആനുകൂല്യം ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ പരിധി 22,000 രൂപയാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, എ.പി.എൽ./ബി.പി.എൽ. എന്ന് രണ്ടായി തരംതിരിക്കാതെ 500 രൂപയിൽ താഴെ വരുമാനമുള്ള ആളുകളെ കരുതിയാണ് ഇപ്പോൾ ഈ ആനുകൂല്യം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ ഇക്കാര്യം പരിഗണിക്കുന്നതല്ല.

ശ്രീ. പി. റ്റി. എ. റഹീം: സർ, 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ സ്പോർട്സ് മെഡിസിൻ യൂണിറ്റ് സജ്ജമാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിലും ഈ മാനദണ്ഡം തന്നെയാണോ ഗവൺമെന്റ് എടുക്കാൻ ആഗ്രഹിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, ആയുർവ്വേദ ചികിത്സാരംഗത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തികവർഷം സ്പോർട്സ് മെഡിസിൻ യൂണിറ്റ് ആരംഭിക്കുമെന്നത് പറഞ്ഞിട്ടുള്ള കാര്യമാണ്. അത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, നമ്മുടെ രാജ്യത്ത് വയോജനങ്ങൾ കൂടിക്കൂടി വരികയാണ്. വയോജനങ്ങൾക്ക് വാതം പോലുള്ള രോഗങ്ങൾ ധാരാളമായി വന്നുകൊണ്ടിരിക്കുകയാണ്. വരുമാന പരിധിയില്ലാതെ അവർക്ക് സൗജന്യമായി ചികിത്സ നൽകുന്നതിന് ആയുർവ്വേദ ആശുപത്രികൾക്ക് നിർദ്ദേശം നൽകാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, വയോജനങ്ങളുടെ കാര്യം പ്രത്യേകമായി പരിഗണിക്കുന്നത് സംബന്ധിച്ച് തീർച്ചയായും ആലോചിക്കുന്നതാണ്. ഇപ്പോൾ തന്നെ പല പരിഗണന അവർക്ക് നൽകിയിട്ടുള്ളതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, നമ്മുടെ സർക്കാർ ആയുർവ്വേദ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്നുള്ള പ്രശ്നമുണ്ട്. പിഴിച്ചിൽ, ഞവരക്കിഴി വയ്ക്കൽ തുടങ്ങിയതിനെല്ലാം എൻ.ആർ.എച്ച്.എം.ൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ ജീവനക്കാരെ പിരിച്ചുവിട്ടു. പകരം ജീവനക്കാർ വന്നിട്ടില്ല. ഇപ്പോൾ പല ആയുർവ്വേദ ആശുപത്രികളും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇപ്പോൾ ആവശ്യമായ ജീവനക്കാർ ആശുപത്രികളിലുണ്ട്. നിലവിൽ എവിടെയെങ്കിലും ജീവനക്കാരുടെ കുറവുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ തീർച്ചയായും പരിശോധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly